# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.741 07.11.2016 ൽ മറുപടിയ്ക്ക്

## ഹൈ ബീം മാഗ്നിഫയിംഗ് എൽ ഇ ഡി ഹെഡ് ലൈറ്റുകൾ

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഇപ്പോൾ നിരത്തിലിറങ്ങുന്ന പുതിയതരം വാഹനങ്ങളിൽ ഹൈ ബീം മാഗ്നിഫയിംഗ് എൽ ഇ ഡി ഹെഡ് ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കാൻ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വ്യവസ്ഥയില്ല. |
| (സി) | മോട്ടോർ വാഹന നിയമത്തിൽ അനുവദിക്കുന്നില്ലായെങ്കിൽ അത്തരം ലൈറ്റുകൾ നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ലൈറ്റുകളുടെ ശക്തമായ വെളിച്ചം എതിരേ വരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ കണ്ണിൽ പതിച്ച് അപകട സാധ്യത കൂടുന്നത് സംബന്ധിച്ച് പഠനം നടത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | ലൈറ്റുകളുടെ ശക്തമായ വെളിച്ചം എതിരെ വരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ കണ്ണിൽ പതിക്കുന്നത് അപകട സാധ്യത വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുകൊണ്ട് തന്നെ ഈ വിഷയത്തിൽ പഠനത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |

.....തുടർച്ച.....

| | | | |
|---|---|---|---|
| (ഇ) | വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളുടെ അനുവദനീയമായ തീവ്രത നിജപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിജപ്പെടുത്തുമോ; തീവ്രത പരിശോധിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (5) പ്രകാരം ഹെഡ് ലൈറ്റിൽ ഉപയോഗിക്കേണ്ട ഹാലജൻ ബൾബുകൾ എങ്ങനെയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തീവ്രത പരിശോധിക്കുന്നതിനായി ലെക്സ് മീറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ